# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.238/PR/PIC/PHQ/18 Date:24.09.2018

## പോലീസ് വിവരങ്ങൾ അറിയിക്കാൻ ജില്ലകളിൽ കേന്ദ്രീകൃത സംവിധാനം

ജനങ്ങൾക്കും മാധ്യമങ്ങൾക്കും പോലീസുമായി ബന്ധപ്പെട്ട വിവരങ്ങളും അറിയിപ്പുകളും നൽകുന്നത് കൂടുതൽ ഫലവത്താക്കുന്നതിന് ജില്ലകളിൽ സംവിധാനമൊരുങ്ങുന്നു. സംസ്ഥാന തലത്തിൽ പോലീസിന്റെ പബ്ളിക് റിലേഷൻസ് കേന്ദ്രമായി പ്രവർത്തിക്കുന്ന പോലീസ് ഇൻഫർമേഷൻ സെന്ററിന്റെ മാതൃകയിൽ ഇനിമുതൽ ജില്ലാതലങ്ങളിലും ഇൻഫർമേഷൻ സെല്ലുകൾ രൂപീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ്ബെഹ്റ നിർദ്ദേശം നൽകി. ഒരു ഡി.വൈ.എസ്.പി യുടെ നേതൃത്വത്തിൽ മാധ്യമ പ്രവർത്തനം, വിവരസാങ്കേതിക വിദ്യ, എന്നിവയിൽ അഭിരുചിയും താല്പര്യവുമുള്ള രണ്ടു സിവിൽ പോലീസ് ഓഫീസർമാരെ ഉൾപ്പെടുത്തിയാണ് ഇൻഫർമേഷൻ സെന്ററുകൾക്ക് രൂപം നൽകുന്നത്. പോലീസ് സ്റ്റേഷനുകൾ, ഡി.വൈ.എസ്.പി ഓഫീസുകൾ, ജില്ലാ പോലീസ് ആസ്ഥാനം എന്നിവിടങ്ങളിൽ നിന്നുള്ള പത്രക്കുറിപ്പുകളും അറിയിപ്പുകളും ഈ കേന്ദ്രങ്ങൾ വഴിയേ നൽകാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം എല്ലാ അറിയിപ്പുകളും info.pol@kerala.gov.in എന്ന ഇമെയിൽ വിലാസത്തിൽ പോലീസ് ആസ്ഥാനത്തെ ഇൻഫർമേഷൻ സെന്ററിലും അതതു ദിവസം നൽകണം. ഇതുകൂടാതെ സംസ്ഥാനാടിസ്ഥാനത്തിൽ നൽകേണ്ട വിവരങ്ങൾ സംസ്ഥാന പോലീസ് ഇൻഫർമേഷൻ സെന്റർ വഴി ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുനൽകി അതുവഴി വിതരണം ചെയ്യണം.

പ്രധാനപ്പെട്ട വിവരങ്ങൾ നൽകുന്നതിന് ആവശ്യമെങ്കിൽ ജില്ലാ പോലീസ് മേധാവിമാർക്ക് പത്രസമ്മേളനം വിളിക്കാവുന്നതാണ്. എന്നാൽ അതിനു താഴെയുള്ള ഉദ്യോഗസ്ഥർ അനിവാര്യമായ സന്ദർഭങ്ങളിൽ പത്രസമ്മേളനം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ അനുമതി വാങ്ങണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

********************